ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.09.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിലെ വാർധ സന്ദർശിക്കും; പിഎം വിശ്വകർമ്മ പദ്ധതിയുടെ ഒരു വർഷത്തെ പുരോഗതി അടയാളപ്പെടുത്തുന്ന ദേശീയ പി.എം വിശ്വകർമ്മ പരിപാടിയിൽ പങ്കെടുക്കും.

   **Prime Minister Narendra Modi to visit Wardha in Maharashtra tomorrow; The Prime Minister will participate in the National PM Vishwakarma program marking one year progress of the PM Vishwakarma scheme.**

2. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച ഉന്നതതലസമിതി ശുപാർശയ്ക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം; ബയോടെക്നോളജിയിലെ അത്യാധുനിക ഗവേഷണത്തിനും വികസനത്തിനും പിന്തുണ നൽകുന്ന 'ബയോ-റൈഡ്' പദ്ധതിക്കും കേന്ദ്ര അനുമതി.

   **Government accepts recommendations of High-Level Committee on One Nation-One Election; Centre approves 'Bio-RIDE' scheme to support cutting edge research and development in Biotechnology.**

3. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ജമ്മു കശ്മീരിൽ ആദ്യഘട്ട വോട്ടെടുപ്പ് പൂർത്തിയായി; രേഖപ്പെടുത്തിയത് 35 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന പോളിംഗ്.

   **Voting for the first phase of Assembly Elections in Jammu and Kashmir concludes peacefully; Recorded highest voter turnout in 35 years.**

4. കേരളത്തിൽ എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്; നിപ പ്രതിരോധ നടപടികളും ഊർജ്ജിതം.

**A Case of Mpox confirmed in Kerala; Health Minister Veena George calls for caution ; Nipah prevention efforts intensified.**

5. നാല് വർഷത്തിനിടെ ആദ്യമായി അടിസ്ഥാന പലിശ നിരക്കിൽ അര ശതമാനം കുറവ് വരുത്തി യുഎസ് ഫെഡറൽ റിസർവ് ബാങ്ക്.

**The US Federal Reserve bank cuts rates by half point for the first time in 4 years.**

6. ഇന്ത്യ - ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ; ഇന്ത്യൻ സംഘത്തെ രോഹിത് ശർമ്മ നയിക്കും.

**First match of India-Bangladesh test cricket series to begin today; Rohit Sharma will lead Indian team.**

****************************************

## PRESIDENT TOUR

മധ്യപ്രദേശ് സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഉജ്ജയിനിൽ സഫായി മിത്ര സമ്മേളനത്തിൽ പങ്കെടുക്കും. സ്വച്ഛത മിത്രങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ രാഷ്ട്രപതി വിതരണം ചെയ്യും. ഉജ്ജയിൻ-ഇൻഡോർ ആറുവരി പാത പദ്ധതിയുടെ നിർമ്മാണോദ്ഘാടന ചടങ്ങിൽ രാഷ്ട്രപതി ഓൺലൈനായി പങ്കെടുക്കും. ശ്രീ മഹാകാലേശ്വര ക്ഷേത്രം സന്ദർശിക്കുന്ന ശ്രീമതി മുർമു സ്വച്ഛതാ ഹി സേവാ പരിപാടിയുടെ ഭാഗമായി ക്ഷേത്രപരിസരം ശുചിയാക്കും. ഇൻഡോറിലെ ദേവി അഹല്യ വിശ്വവിദ്യാലയത്തിൻ്റെ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് വൈകിട്ട് രാഷ്ട്രപതി ജാർഖണ്ഡിൽ എത്തും.

****************************************

## PM-WARDHA

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മഹാരാഷ്ട്രയിലെ വാർധ സന്ദർശിക്കും. പിഎം വിശ്വകർമ്മ പദ്ധതിയുടെ ഒരു വർഷത്തെ പുരോഗതി അടയാളപ്പെടുത്തുന്ന ദേശീയ പി.എം വിശ്വകർമ്മ പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. പദ്ധതി ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റുകളും വായ്പകളും പ്രധാനമന്ത്രി പരിപാടിയിൽ വിതരണം ചെയ്യും. അമരാവതിയിൽ പിഎം മിത്ര പാർക്കിന്റെ തറക്കല്ലിടൽ പ്രധാനമന്ത്രി നിർവഹിക്കും. ടെക്സ്റ്റൈൽ നിർമ്മാണത്തിന്റെയും കയറ്റുമതിയുടെയും ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റാൻ ലക്ഷ്യമിട്ടാണ് പി.എം മിത്ര പാർക്കുകൾ സ്ഥാപിക്കുന്നത്. മഹാരാഷ്ട്ര സർക്കാരിന്റെ ആചാര്യ ചാണക്യ കൗശല്യ വികാസ് പദ്ധതിക്കും പുണ്യശ്ലോക് അഹല്യഭായ് ഹോൾക്കർ വനിതാ സ്റ്റാർട്ടപ്പ് പദ്ധതിക്കും പ്രധാനമന്ത്രി സമാരംഭം കുറിയ്ക്കും.

*************************************

## J AND K ASSEMBLY POLLS

ജമ്മു കശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടം പൂർത്തിയായപ്പോൾ 59 ശതമാനത്തിലേറെ പോളിംഗ് രേഖപ്പെടുത്തി. കഴിഞ്ഞ 35 വർഷത്തിലെ ഏറ്റവും ഉയർന്ന പോളിംഗ് ശതമാനമാണിത്. 7 ജില്ലകളിലെ 24 മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടന്നത്. അതേസമയം ജമ്മുകശ്മീരിൽ രണ്ടാംഘട്ടത്തിലേക്കായുള്ള തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായിപുരോഗമിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വിവിധ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. 26 മണ്ഡലങ്ങൾ ഉൾപ്പെടുന്ന രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 25നാണ്. ഒക്ടോബർ ഒന്നിനാണ് മൂന്നാം ഘട്ട വോട്ടെടുപ്പ്.

*************************************

## J AND K -ECI

ജമ്മുകശ്മീരിലെ രണ്ടാംഘട്ട വോട്ടെടുപ്പിലെ മികച്ച പോളിംഗ് ജനാധിപത്യത്തിലുള്ള ജനങ്ങളുടെ വിശ്വാസത്തിന്റെ

തെളിവാണെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. പോളിംഗ് സ്റ്റേഷനുകളിലെ വോട്ടർമാരുടെ നീണ്ട നിരകൾ ബാലറ്റിന് അനുകൂലമായ പ്രതികരണമാണെന്നും കമ്മീഷൻ അഭിപ്രായപ്പെട്ടു.

************************************

## UNION CABINET....... INTRO

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച ഉന്നതതലസമിതി ശുപാർശയ്ക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം. രണ്ട് ഘട്ടമായാവും തീരുമാനം നടപ്പാക്കുകയെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വ്യക്തമാക്കി. ചന്ദ്രയാൻ-4 ദൗത്യത്തിനും, വീനസ് ഓർബിറ്റർ ദൗത്യത്തിനും മന്ത്രിസഭാ യോഗം അംഗീകാരം നൽകി. **വിശദാംശങ്ങളിലേക്ക്.....**

(വോയ്സ്)

*രാഷ്ട്രീയ പാർട്ടികളുമായും, വിദഗ്ധരുമായും ദീർഘമായ ചർച്ചകൾ നടത്തിയ ശേഷമാണ്, മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായ സമിതി, ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കിയത്. ആദ്യഘട്ടത്തിൽ ലോക്സഭാ, നിയമസഭാ തിരഞ്ഞെടുപ്പുകൾ ഒരുമിച്ച് നടത്തും. പൊതു തിരഞ്ഞെടുപ്പ് നടന്ന് 100 ദിവസത്തിനകം പഞ്ചായത്ത് തിരഞ്ഞെടുപ്പുകൾ നടത്തും. 2024-25 റാബി വിള സീസണിലെ ഫോസ്ഫേറ്റ്, പൊട്ടാസ്യം രാസവളങ്ങളുടെ സബ്സിഡി നിരക്കുകൾക്കും മന്ത്രിസഭ അംഗീകാരം നൽകി. കർഷകർക്കായുള്ള പ്രധാൻ മന്ത്രി അന്നദാതാ ആയ് സൻരക്ഷൻ അഭിയാൻ തുടരാനും മന്ത്രിസഭ തീരുമാനിച്ചു. 79,156 കോടി രൂപാ ചെലവിൽ പ്രധാൻ മന്ത്രി ജൻജാതീയ ഉന്നത് ഗ്രാം അഭിയാൻ നടപ്പാക്കാനും കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചു. ഗോത്ര വിഭാഗത്തിൽപ്പെട്ട 5 കോടിയിലേറെപ്പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട ദേശീയ കേന്ദ്രം രൂപീകരിക്കുന്നതിനും മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ജൈവ*

*സാങ്കേതികവിദ്യയിലെ അത്യാധുനിക ഗവേഷണത്തിനും വികസനത്തിനും പിന്തുണ നൽകുന്ന ബയോ-റൈഡ് പദ്ധതിക്കും കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചു.* ***ന്യൂസ്ഡെസ്ക് ആകാശവാണി.......***

****************************************

## NPS VATSALYA

എൻപിഎസ് വാത്സല്യ പദ്ധതിക്ക് രാജ്യത്ത് തുടക്കമായി. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ന്യൂഡൽഹിയിൽ പദ്ധതി ഉദ്ഘാടനം ചെയ്തു. രക്ഷിതാക്കൾക്ക് കുട്ടികളുടെ പേരിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അക്കൗണ്ട് തുറക്കാനും, നിക്ഷേപം ഉറപ്പാക്കാനും ലക്ഷ്യമിടുന്നതാണ് പദ്ധതി. കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാനുള്ള ദീർഘ കാല നിക്ഷേപമാകും NPS-വാത്സല്യ എന്ന് കേന്ദ്രമന്ത്രി പറഞ്ഞു. 18 വയസ്സുവരെ പ്രതിവർഷം 1,000 രൂപ മുതൽ കുട്ടിയുടെ പേരിൽ നിക്ഷേപിക്കാം. ബാങ്ക് , തപാൽ ഓഫീസ്, പെൻഷൻ ഓഫീസ് വഴിയോ ഇ-NPS പോർട്ടൽ മുഖേന ഓൺലൈൻ ആയോ നിക്ഷേപം നടത്താവുന്നതാണ്.

****************************************

## NPS KERALA

കേരളത്തിലും എൻ പി എസ് വാത്സല്യ പദ്ധതിക്ക് തുടക്കമായി. സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം കാനറാ ബാങ്ക് സർക്കിൾ ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിൽ 40 ലേറെ വിദ്യാർഥികൾ പങ്കെടുത്തു. കൂടുതൽ ഗുണഭോക്താക്കളിലേക്ക് പദ്ധതി എത്തിക്കാൻ പൊതുമേഖലാ ബാങ്കുകൾ മുൻകൈയ്യെടുക്കണമെന്ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർ പറഞ്ഞു.

****************************************

## M-POX

കേരളത്തിൽ എംപോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. മറ്റ് രാജ്യങ്ങളിൽ നിന്ന് എത്തുന്നവർ ഉൾപ്പെടെ, രോഗലക്ഷണമുണ്ടെങ്കിൽ ചികിത്സ തേടണമെന്നും, ആരോഗ്യവകുപ്പിനെ വിവരം അറിയിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. സമ്പർക്ക വിലക്ക്, സാമ്പിൾ ശേഖരണം, ചികിത്സ എന്നിവയെല്ലാം ഉറപ്പ് വരുത്തിയിട്ടുണ്ട്. എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളും നടപടിക്രമം കൃത്യമായി പാലിക്കണമെന്നും ആരോഗ്യ മന്ത്രി നിർദേശിച്ചു.

****************************************

## VEENA GEORGE-NIPAH

മലപ്പുറത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ തുടരുന്നു. രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ 10 പേരുടെ പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവായി. മരിച്ച യുവാവിന്റെ അടുത്ത ബന്ധുക്കളും, ചികിത്സിച്ച ഡോക്ടറും ഉൾപ്പെടെയുള്ളവരുടെ പരിശോധനാ ഫലങ്ങളാണ് നെഗറ്റീവായത്. ഇന്നലെ പുതുതായി 11 പേരെ സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരിൽ അഞ്ച് പേർ ഹൈറിസ്ക് വിഭാഗത്തിൽ ഉള്ളവരാണ്.

****************************************

## SWACHCHATHA PAKWADA

സ്വച്ഛത ഹി സേവാ പരിപാടിയുടെ ഭാഗമായി 'ഏക് പേട് മാ കേ നാം' വൃക്ഷത്തൈ നടീൽ പ്രചാരണം ഊർജ്ജിതമാക്കി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം. ഇത് വരെ, മന്ത്രാലയത്തിൻ്റെ വിവിധ ഫീൽഡ് ഓഫീസുകൾ വഴി 7000 വൃക്ഷത്തൈകൾ നട്ടു. കേരളത്തിലും, സ്വച്ഛതാ ഹി സേവ പരിപാടിയുടെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ സജീവമാണ്. എറണാകുളം ജങ്ഷൻ, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനുകൾ, തിരുവനന്തപുരം റെയിൽവേ ഡിവിഷൻ എന്നിവ യജ്ഞത്തിൽ പങ്കാളികളായി.

*************************************************

## WB-PROTESTING DOCTORS

പശ്ചിമ ബംഗാളിൽ, ജൂനിയർ ഡോക്ടർമാരുടെ പ്രതിഷേധം തുടരുന്നു. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഇന്നലെ ചേർന്ന യോഗം തീരുമാനമാകാതെ പിരിഞ്ഞു. ആരോഗ്യ സെക്രട്ടറിയെ മാറ്റണമെന്നും കേസിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ജൂനിയർ ഡോക്ടർമാർ ആവശ്യപ്പെട്ടു. അഞ്ച് മണിക്കൂറിലധികം നീണ്ട യോഗത്തിൽ 30 അംഗ ഡോക്ടർമാരുടെ സംഘം പങ്കെടുത്തു. തങ്ങളുടെ ആവശ്യങ്ങൾ ഔദ്യോഗികമായി അംഗീകരിക്കുന്നത് വരെ സമരം തുടരുമെന്ന് ഡോക്ടർമാർ പറഞ്ഞു.

*************************************************

## LEBANON - BLAST (INTRO)

ലെബനനിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ സ്ഫോടന പരമ്പരകളിൽ മരിച്ചവരുടെ എണ്ണം 32 ആയി. ഇതിൽ അധികവും ലെബനനിലെ സായുധസേനയായ ഹിസ്ബുള്ള ആശയവിനിമയത്തിന് ഉപയോഗിച്ചിരുന്ന പേജറുകൾ പൊട്ടിത്തെറിച്ചുണ്ടായ സ്ഫോടനങ്ങളാണ്. അതിനിടെ, ഇന്നലെ രാജ്യത്ത് വിവിധയിടങ്ങളിൽ വാക്കി ടോക്കികൾ പൊട്ടിത്തെറിച്ച് 20 പേർ മരിച്ചതായി ലെബനൻ ആരോഗ്യമന്ത്രാലയം അറിയിച്ചു. 450 ലധികം പേർക്ക് സ്ഫോടനങ്ങളിൽ പരിക്കേറ്റിട്ടുണ്ട്. പേജർ സ്ഫോടനങ്ങൾ ഗുരുതരമായ അപകട സാധ്യതയെയാണ് സൂചിപ്പിക്കുന്നതെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് മുന്നറിയിപ്പ് നൽകി.

( വോയിസ് )

*************************************************

## US BANK-INTEREST CUT

അടിസ്ഥാന പലിശ നിരക്കിൽ അര ശതമാനം കുറവ് വരുത്തി യുഎസ് ഫെഡറൽ റിസർവ് ബാങ്ക്. നാല് വർഷത്തിനിടെ

ഇതാദ്യമായാണ് പലിശ നിരക്ക് കുറക്കുന്നത്. പണപ്പെരുപ്പം രണ്ട് ശതമാനത്തിലേക്ക് കുറയുന്നത് കണക്കിലെടുത്താണ് തീരുമാനമെന്നും സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുകയാണ് ലക്ഷ്യമെന്നും ബാങ്ക് വ്യക്തമാക്കി. രണ്ട് ദിവസത്തെ ഫെഡറൽ ഓപ്പൺ മാർക്കറ്റ് കമ്മിറ്റി യോഗത്തിന് ശേഷമാണ് പ്രഖ്യാപനം.

*****************************************

## INDIA BANGLADESH CRICKET TEST

ഇന്ത്യ - ബംഗ്ലാദേശ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ആരംഭിക്കും. ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യൻ സംഘത്തെ രോഹിത് ശർമ്മ നയിക്കും. ഈ മാസം 27 ന് കാൺപൂരിലാണ് രണ്ടാം ടെസ്റ്റ്. ഗൗതം ഗംഭീർ ഇന്ത്യൻ പരിശീലകനായി ചുമതലയേറ്റ ശേഷം ഇന്ത്യ കളിക്കുന്ന ആദ്യ ടെസ്റ്റ് പരമ്പരയാണിത്.

*****************************************

## CHESS OLYMPIAD

ഹംഗറിയിൽ നടക്കുന്ന 45-ാമത് ചെസ് ഒളിമ്പ്യാഡിൽ ഓപ്പൺ വിഭാഗത്തിലെ ഏഴാം റൗണ്ടിൽ ഇന്ത്യ ചൈനയെ പരാജയപ്പെടുത്തി. ചൈനയ്ക്കെതിരായ വിജയത്തോടെ ഓപ്പൺ വിഭാഗത്തിൽ ഇന്ത്യൻ ടീമിന് 14 മാച്ച് പോയിന്റാണുള്ളത്.

*****************************************

## WORLD FOOD INDIA

നാല് ദിവസത്തെ 'വേൾഡ് ഫുഡ് ഇന്ത്യ 2024' മേളയ്ക്ക് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. 90-ലേറെ രാജ്യങ്ങളും 26 സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും 18 മന്ത്രാലയങ്ങളും പരിപാടിയിൽ പങ്കെടുക്കും.

**************************************************************************************